ഉത്തരം

(എ, ബി, സി & ഡി) പ്രോസിക്യൂഷൻ കേസ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട സൂപ്രണ്ട് ഓഫ് പോലീസ്/ കമ്മീഷണർ ഓഫ് പോലീസ് നൽകുന്ന റിപ്പോർട്ടിന്റെ വെളിച്ചത്തിലും നിയമവകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലും പിൻവലിക്കാൻ യോഗ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെടുന്ന കേസുകളാണ് ബന്ധപ്പെട്ട കോടതികളുടെ അനുമതിയോടും സി.ആർ.പി.സി. 321 ന് വിധേയമായി പിൻവലിക്കാൻ സർക്കാർ അനുമതി നൽകാറുള്ളത്. അപേക്ഷകരുടെ രാഷ്ട്രീയ പാർട്ടികളിലെ അംഗത്വവും പാർട്ടി ബന്ധവും പരിഗണിച്ചല്ല കേസുകൾ പിൻവലിക്കുവാൻ നിർദ്ദേശം നൽകാറുള്ളത്.

കെ. ലക്ഷ്മണൻ നാടാരുടെ മരണത്തെക്കുറിച്ച് അന്വേഷണം

66. [830] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 ജൂലായ് 12-ാം തിയ്യതി തിരുവനന്തപുരം ജില്ലയിലെ വള്ളക്കടവ് കരമനയാറ്റിൽ കൊലചെയ്യപ്പെട്ട നിലയിൽ കാണപ്പെട്ട കെ. ലക്ഷ്മണൻ നാടാരുടെ മരണ കാരണം സംബന്ധിച്ച പോലീസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ലക്ഷ്മണൻ നാടാരുടെ മരണത്തിനിടയായ സംഭവത്തിലെ പ്രതികൾ ആരൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഏതെങ്കിലും പ്രതിയെ പോലീസ് അറസ്റ്റുചെയ്യുകയുണ്ടായോ ;

(സി) പോലീസ് അന്വേഷണം ഊർജ്ജിതപ്പെടുത്തി യഥാർത്ഥ പ്രതികളെ അറസ്റ്റു ചെയ്യുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാകുമോ ?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല. തിരുവനന്തപുരം ക്രൈംബ്രാഞ്ച് യൂണിറ്റ് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

(ബി, സി) യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വാതന്ത്ര്യ സമരകാലത്ത് പ്രവർത്തിച്ച ഖാദി-ഹിന്ദി പ്രചാരകർക്കു സ്വാതന്ത്ര്യ സമര പെൻഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്

67. [831] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ സമര പെൻഷൻ, സ്വാതന്ത്ര്യ സമരകാലത്ത് പ്രവർത്തിച്ച ഖാദി-ഹിന്ദി പ്രചാരകർക്കുകൂടി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽനിന്നും എത്ര അപേക്ഷകരാണ് ഉണ്ടായിരുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ഈ ഉത്തരവ് പ്രകാരം 1-12-2004-ൽ സർക്കാർ പുറത്തിറക്കിയ പട്ടിക പ്രകാരം ഈ പെൻഷന് അർഹരായവരിൽ തിരുവനന്തപുരം ജില്ലയിൽനിന്നും ഉള്ള ആളുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്വാതന്ത്ര്യ സമരകാലത്ത് ഖാദി-ഹിന്ദി പ്രചാരകർക്കുകൂടി പെൻഷൻ അനുവദിച്ചുകൊണ്ട് 24-12-1994-ലെ ജി.ഒ. ആർ.റ്റി. 10146/94 ജി.എ.ഡി. പ്രകാരം സർക്കാരുത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് 31-8-1996-ലെ ജി.ഒ.ആർ.റ്റി. 7200/96/ ജി.എ.ഡി. പ്രകാരം റദ്ദുചെയ്തു.

മുമ്പ് ഖാദി-ഹിന്ദി പെൻഷൻ വാങ്ങിയിരുന്ന 72 പേർക്കു ഖാദി-ഹിന്ദി പെൻഷൻ അനുവദിച്ചുകൊണ്ട് 20-12-2004 ജി.ഒ.പി. 359/04 ജി.എ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽനിന്നും ആരും ഉൾപ്പെട്ടിട്ടില്ല.

(സി) 20-12-2004 ലെ ജി.ഒ. (പി) 359/04/ജി.എ.ഡി. നം. പ്രകാരമുള്ള പട്ടികയിൽ തിരുവനന്തപുരം ജില്ലയിലെ ആരേയും ഉൾപ്പെടുത്തിയിട്ടില്ല.

മുല്ലപ്പെരിയാർ നദീജല കരാർ ലംഘനത്തിനെതിരെ നടപടി

68. [832] ശ്രീ. ലൂഡി ലൂയിസ് :
പ്രൊഫ. കെ.വി. തോമസ് :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1886-ലെ മുല്ലപ്പെരിയാർ നദീജല കരാർ അനുസരിച്ച് മുല്ലപ്പെരിയാറ്റിലെ വെള്ളം എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് തമിഴ്നാടിന് വിനിയോഗിക്കാവുന്നത് ;

(ബി) ഈ കരാറിൽ ലംഘനം ഉണ്ടായിട്ടുണ്ടോ എന്ന് തീരുമാനിക്കുവാൻ രണ്ടംഗ ട്രിബ്യൂണലിനെ നിയമിച്ചിരുന്നുവോ ;

(സി) പ്രസ്തുത ട്രിബ്യൂണലിന് തീരുമാനം എടുക്കാൻ കഴിയാതെ വന്നപ്പോൾ നിയോഗിക്കപ്പെട്ട അമ്പയറിന്റെ വിധി എന്തായിരുന്നു.;

(ഡി) 1970 മേയ് 29-ന് തമിഴ്നാടുമായി ഉണ്ടാക്കിയ അനുബന്ധ കരാറിലെ വ്യവസ്ഥയെന്തായിരുന്നു ; കരാറിന്റെ കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly